പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ *242 11/10/2011 ൽ മറുപടിയ്ക്ക്

## ഭൂമികേരളം പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ:<br>ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി:<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:<br>ശ്രീ. പി. കെ. ബഷീർ: | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഭൂമികേരളം പദ്ധതി പ്രവർത്തനം സംബന്ധിച്ച വിശദ വിവരം വെളിപ്പെടുത്തുമോ; | (എ) കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ കീഴിൽ റീസർവ്വെ പ്രവർത്തനങ്ങൾ ചെയ്യുന്നതിനു വേണ്ടിയാണ് 'ഭൂമികേരളം' പദ്ധതി ആരംഭിച്ചത്. സർക്കാർ ഏല്പിക്കുന്ന മറ്റു സ്പെഷ്യൽ സർവ്വേ ജോലികളും കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ കീഴിലാണ് ചെയ്തുവരുന്നത്.<br><br>ഭൂമികേരളം പദ്ധതിയുടെ കീഴിൽ കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലെ വനാവകാശ സർവ്വെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ വനാവകാശ ജോലികൾ അന്തിമഘട്ടത്തിലാണ്. ചെങ്ങറ ഭൂസമരത്തിൽ പങ്കെടുത്ത ദുർബല വിഭാഗങ്ങൾക്ക് ഭൂമി നൽകുന്നതിനായി കൊല്ലം, പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഇവർക്ക് അനുവദിച്ചിട്ടുള്ള ഭൂമിയുടെ സർവ്വേ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>ഭൂമികേരളം പദ്ധതിയുടെ കീഴിൽ റീസർവ്വെയ്ക്ക് ആവശ്യമായ ജി.പി.എസ് കൺട്രോൾ പോയിന്റുകൾ സ്ഥാപിക്കുന്ന ജോലികളും, മലപ്പുറം ജില്ലയിൽ മേൽമുറി, തിരുവനന്തപുരം ജില്ലയിൽ മണക്കാട്, തിരുമല, പാലക്കാട് ജില്ലയിൽ പാലക്കാട്-1, കണ്ണൂർ ജില്ലയിലെ മാണിയൂർ, തൃശ്ശൂർ ജില്ലയിലെ പൂങ്കുന്നം എന്നീ വില്ലേജുകളുടെ റീസർവ്വെ ജോലികളും, ഇടുക്കി ജില്ലയിലെ KDH വെരിഫിക്കേഷൻ സർവ്വെ ജോലികളുമാണ് ഇപ്പോൾ നടന്നുവരുന്നത്. |

മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ താലൂക്കിൽ അലിഗഡ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള സർവ്വെ, പോലീസ് ആസ്ഥാന മന്ദിരം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ സർവ്വെ, കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വെയർ ഹൗസ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം സർവ്വെ, പുൽമേട് ദുരന്തബാധിത പ്രദേശത്തെ കോണ്ടൂർ സർവ്വെ എന്നിവ കേരളാ ലാന്റ് ഇൻഫർമേഷൻ മിഷന്റെ കീഴിൽ പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടി കണ്ണൂർ ജില്ലയിൽ ആറളംഫാമിൽ നൽകുന്ന സ്ഥലത്തിന്റെ സർവ്വെ ജോലികൾ (മൂന്നാം ഘട്ടം) പുരോഗതിയിലാണ്. 21 വില്ലേജുകളുടെ സർവ്വേ റിക്കാർഡുകൾ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പള്ളിപ്പുറം വില്ലേജിലെ അപ്പോളോകോളനിയിലെ 176 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതിന് ആവശ്യമായ ഭൂമി സർവ്വെ ചെയ്തു കഴിഞ്ഞു. കാഞ്ഞിരപ്പുഴയിൽ ഇറിഗേഷൻ വകുപ്പിനും, മൈനിംഗ് ആന്റ് ജിയോളജി വകുപ്പിനും ആവശ്യമായ സ്ഥലം സർവ്വെ ചെയ്യുന്ന ജോലികളും നടന്നുവരുന്നു.

(ബി) റീസർവ്വേ നടപടികൾ പൂർത്തിയാക്കിയ പ്രദേശങ്ങളിൽ ഭൂമികേരളം പദ്ധതി പ്രകാരം എന്തൊക്കെ ജോലികളാണ് ഏറ്റെടുത്തു നടപ്പാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) മോഡേൺ സർവ്വെ മാനുവൽ വെർഷൻ-2 ഖണ്ഡിക 1.9.2 പ്രകാരം റീസർവ്വെ പൂർത്തീയാക്കി സെക്ഷൻ 13 വിജ്ഞാപനം പ്രസിദ്ധീകരിച്ച വില്ലേജുകളിൽ നാളതീകരണ ജോലികളാണ് ഭൂമികേരളം പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. എന്നാൽ ടി ജോലികൾ തുടങ്ങിയിട്ടില്ല.

(സി) റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിൽ ഉടമാവകാശം സംബന്ധിച്ചും കൈവശഭൂമിയുടെ അളവുകളെ സംബന്ധിച്ചും നിരവധി പരാതികൾ നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കുന്നതിന് വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ അതെന്താണെന്ന് വിശദമാക്കുമോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 31.05.2010ലെ സർക്കാർ ഉത്തരവ് (എംഎസ്) നമ്പർ 200/10/റവന്യൂ പ്രകാരം റീസർവ്വെ പൂർത്തിയാക്കി റെക്കോഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിൽ ഭൂമി സംബന്ധമായ എല്ലാ പരാതികളിലും മേൽനടപടികൾ സ്വീകരിക്കേണ്ട ചുമതല ബന്ധപ്പെട്ട അഡീഷണൽ തഹസിൽദാർക്ക് നൽകി ഉത്തരവാകുകയും, റവന്യൂ വകുപ്പിലെ സർവ്വെ വിഭാഗവും, ഭൂരേഖകളുടെ പരിപാലനവും ശക്തിപ്പെടുത്തുന്നതിനും, താലൂക്കിലെ ലാന്റ് റെക്കോഡ്സ് മെയിന്റനൻസ് വിഭാഗത്തിന്റെ നിലവിലുള്ള പ്രവർത്തനങ്ങളും, റീസർവ്വെ അദാലത്ത് പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനും, താലൂക്കുകളിലെ സർവ്വെ വിഭാഗത്തിന്റെ പ്രവർത്തനം

പുനഃസംഘടിപ്പിക്കുന്നതിനുമായി ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ ഭൂമികേരളത്തിന്റെ കീഴിൽ ഗ്രിഡ് സിസ്റ്റത്തിലാണ് സർവ്വെ ചെയ്യാൻ നിർദ്ദേശിച്ചിരിക്കുന്നത്. സർവ്വെ ചെയ്യുന്ന സമയത്ത് തന്നെ ഫീൽഡ് ജോലികൾക്കായി നൽകിയിരിക്കുന്ന ഗ്രിഡ് ഷീറ്റിൽ സ്കെച്ചുകൾ പ്ലോട്ട് ചെയ്തു പോകുന്നതിനാൽ അളവുകളിൽ എന്തെങ്കിലും തെറ്റുകൾ സംഭവിക്കുകയാണെങ്കിൽ സർവ്വെ ചെയ്യുന്ന സമയത്ത് തന്നെ തെറ്റുകൾ പരിഹരിക്കാവുന്നതാണ്.

(ഡി) റീസർവ്വേ പ്രവർത്തനങ്ങളിൽ റവന്യൂ, സർവെ വകുപ്പുകളുടെ ഏകോപനമില്ലായ്മ മൂലം നിരവധി അപാകതകൾ ഉണ്ടാകുകയും ഭൂമി കൈമാറ്റത്തിന് ഉടമകൾക്ക് സാധിക്കാതെ വന്നതുമായ പരാതികൾ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അവ കാലതാമസമില്ലാതെ പരിഹരിക്കാൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

(ഡി) ഉണ്ട്. റീസർവ്വെ റിക്കാർഡുകളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനും സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനും വേണ്ട സംവിധാനങ്ങൾ 05.03.2011 ലെ സർക്കാർ ഉത്തരവ് (എംഎസ്)നം 145/11/ റവന്യൂ പ്രകാരം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് പോക്കുവരവ് ചട്ടങ്ങൾ പാലിക്കുന്നതിന് രജിസ്ട്രേഷൻ, റവന്യൂ വകുപ്പുകൾ അനുവർത്തിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച് 02.07.2011 ലെ 2589/ഇ3/2010/റവന്യൂ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ